"ഭരണഭാഷ- മാതൃഭാഷ" കേരള സർക്കാർ

**സംഗ്രഹം**

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് – 03/01/2014-ലെ സ.ഉ.(പി)നം.01/2014/ഉ.ഭ.പ.വ പ്രകാരമുള്ള തസ്തികമാറ്റ നിയമനങ്ങൾ കേഡർ സ്ട്രെങ്ത്തിന്റെ 10%-ൽ നിജപ്പെടുത്തുന്നത്-സ്പഷ്ടീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പ്**

സ.ഉ.(അച്ചടി) നം.8/2021/ഉ.ഭ.പ.വ തീയതി,തിരുവനന്തപുരം, 28/09/2021

---

പരാമർശം:- 1 സ.ഉ. (പി) 1/2014/ഉ.ഭ.പ.വ. തീയതി: 03/01/2014.

2 സ.ഉ. (പി) 21/2014/ഉ.ഭ.പ.വ. തീയതി: 19/07/2014.

**ഉത്തരവ്**

വിവിധ വകുപ്പുകളിലെ ലോവർ ഡിവിഷൻ ക്ലാർക്ക്/ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികകളുടെ അംഗബലത്തിന്റെ (Cadre Strength) 10%-ലേയ്ക്ക് അതത് വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും, സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്കും യോഗ്യതയുടേയും, സീനിയോറിറ്റിയുടേയും അടിസ്ഥാനത്തിൽ വകുപ്പുതല തസ്തികമാറ്റ (ബൈ ട്രാൻസ്ഫർ) നിയമനം നൽകാവുന്നതാണെന്ന് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ഇത്തരത്തിൽ തസ്തികമാറ്റ (ബൈ ട്രാൻസ്ഫർ) നിയമനം അനുവദിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നിഷ്കർഷിച്ചുകൊണ്ട് പരാമർശം (2) ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ എൽ.ഡി. ക്ലർക്ക്/എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിൽ ഉണ്ടാകുന്നതും റിപ്പോർട്ട് ചെയ്യാത്തതും ആയ ഒഴിവുകളിൽ ആദ്യത്തെ ഒഴിവ് 03.01.2014-ലെ സ.ഉ. (പി) 1/14/ഉ.ഭ.പ.വ. പ്രകാരമുള്ള തസ്തികമാറ്റം വഴിയുള്ള വകുപ്പുതല നിയമനത്തിനായി മാറ്റിവയ്ക്കേണ്ടതാണെന്നും , എൽ.ഡി. *ക്ലാർക്ക്*/എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളുടെ എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത് കഴിഞ്ഞ വകുപ്പുകളിൽ ടി തസ്തികകളിൽ ആദ്യം ഉണ്ടാകുന്ന ഒഴിവ് തസ്തികമാറ്റത്തിനായി നീക്കിവയ്ക്കേണ്ടതാണെന്നും ഈ പ്രക്രിയ ഓരോ വകുപ്പിലെയും എൽ.ഡി. *ക്ലാർക്ക്*/എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളുടെ cadre strength-ന്റെ 10 ശതമാനത്തിൽ ഇപ്രകാരമുള്ള തസ്തികമാറ്റ നിയമനം എത്തിച്ചേരുന്നതുവരെ തുടരേണ്ടതും തുടർന്ന് cadre strength-ന്റെ 10 ശതമാനത്തിൽ ടി നിയമനങ്ങൾ നിജപ്പെടുത്തേണ്ടതുമാണെന്നും ഒരു സാഹചര്യത്തിലും പ്രസ്തുത നിയമനം cadre strength-ന്റെ 10 ശതമാനം അധികരിക്കാൻ പാടുള്ളതല്ലായെന്നും ടി ഉത്തരവിന്റെ (2) vi, vii,viii എന്നീ ഖണ്ഡികകളിൽ വിശദമാക്കിയിട്ടുണ്ട്.എന്നാൽ പല വകുപ്പുകളും തസ്തികമാറ്റ നിയമനം കേഡർ സ്ട്രെങ്ത്തിന്റെ 10% എത്തിച്ചേർന്നിട്ടും മേൽ നിർദ്ദേശം പരിഗണിക്കാതെ ഒഴിവുകളുടെ 1, 11, 21 എന്നീ ടേണുകളിൽ തസ്തികമാറ്റ നിയമനം അനുവദിക്കുന്ന നടപടി തുടർന്നുപോരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി.

2 സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം (1) പ്രകാരം അനുവദിച്ചിരുന്ന തസ്തികമാറ്റ നിയമനത്തിനുള്ള 10% , പി.എസ്.സി മുഖേനയോ മറ്റേതെങ്കിലും തരത്തിലോ നടത്തിവരുന്ന നിയമനങ്ങളെ ഒറ്റയടിക്ക് ബാധിക്കാതിരിക്കുന്നതിനും ഏതെങ്കിലും വകുപ്പിൽ വിശേഷാൽ ചട്ടപ്രകാരമോ എക്സിക്യൂട്ടീവ് ഉത്തരവ് പ്രകാരമോ ഉള്ള നിയമനങ്ങൾ 10%ൽ അധികം അനുവദിച്ചു പോന്നിട്ടുണ്ട് എങ്കിൽ അത് 10%-ൽ നിജപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളായിട്ടാണ് ടി വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുള്ളത്. മാത്രമല്ല കെ.എസ്. & എസ്.എസ്.ആർ. ഭാഗം II ചട്ടം 5 (c)-യ്ക്ക് കീഴിലെ മൂന്നാമത്തെ കുറിപ്പിൽ ഒരു തസ്തികയിലേക്ക് ഒന്നിലധികം നിയമനരീതികൾ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിൽ ഓരോ രീതിയിലുമുള്ള നിയമനത്തിനായി തസ്തികകൾ മാറ്റിവയ്ക്കേണ്ടത് ഒഴിവുകളുടെ അടിസ്ഥാനത്തിലല്ല, മറിച്ച്, തസ്തികയുടെ അംഗബലത്തിന്റെ അടിസ്ഥാനത്തിലാണ് എന്ന് വ്യക്തമാക്കിയിട്ടുമുണ്ട്. അതുകൊണ്ടുതന്നെ ഏതെങ്കിലും വകുപ്പുകൾ സ.ഉ. (പി) നം. 1/2014/ഉ.പ.ഭ.വ. പ്രകാരം അനുവദിച്ചിരുന്ന തസ്തികമാറ്റ നിയമനം കേഡർ സ്ട്രെങ്ത്തിന്റെ 1 0 % എത്തിച്ചേർന്നിട്ടും തുടർന്നുപോരുന്നുവെങ്കിൽ അത് ടി ഉത്തരവിലെ വ്യവസ്ഥകളുടെ മാത്രമല്ല ജനറൽ റൂൾസിന്റെയും കൂടി ലംഘനമാണ് എന്ന് സർക്കാർ നിരീക്ഷിക്കുന്നു.

3. മേൽ വിവരിച്ച സാഹചര്യത്തിൽ പരാമർശം (1) പ്രകാരം വിവിധ വകുപ്പുകളിലെ ലോവർ ഡിവിഷൻ ക്ലാർക്ക്/ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികകളുടെ അംഗബലത്തിന്റെ (Cadre Strength) 10%-ലേയ്ക്ക് അതത് വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും, സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്കും, യോഗ്യതയുടേയും, സീനിയോറിറ്റിയുടേയും അടിസ്ഥാനത്തിൽ അനുവദിച്ചിരുന്ന വകുപ്പുതല തസ്തികമാറ്റ (ബൈ ട്രാൻസ്ഫർ) നിയമനങ്ങൾ എൽ.ഡി. *ക്ലാർക്ക്*/എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയുടെ അംഗബലത്തിന്റെ 10 ശതമാനത്തിൽ നിജപ്പെടുത്തേണ്ടതും പരാമർശം (2) ഉത്തരവിന്റെ (2) vi,(2) vii എന്നീ ഖണ്ഡികകളിൽ നിഷ്കർഷിച്ചിട്ടുള്ള നടപടി ക്രമങ്ങൾ തസ്തികമാറ്റ നിയമനം ലോവർ ഡിവിഷൻ ക്ലാർക്ക്/ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികകളുടെ അംഗബലത്തിന്റെ (Cadre Strength) 10%-എത്തിച്ചേരുന്നതുവരെ മാത്രം തുടരേണ്ടതുമാണ്. ആയത് മേൽ തസ്തികകളുടെ കേഡർ സ്ട്രെങ്ത്തിന്റെ 10 ശതമാനത്തിൽ നിജപ്പെടുത്തേണ്ടതാണെന്നും മേൽ തസ്തികമാറ്റം യാതൊരു കാരണവശാലും കേഡർ സ്ട്രെങ്ത്തിന്റെ 10 ശതമാനത്തിൽ അധികരിക്കാൻ പാടില്ലായെന്നും സ്പഷ്ടമാക്കി ഉത്തരവാകുന്നു..

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Dr ആഷ തോമസ് ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്

എല്ലാ വകുപ്പുമേധാവികൾക്കും/നിയമനാധികാരികൾക്കും/ഓഫീസുകൾക്കും/

എല്ലാ ജില്ലാ കളക്ടർമാർക്കും.

നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും/സെക്ഷനുകൾക്കും.

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/

സെക്രട്ടറിമാർക്കും/സ്പെഷ്യൽ സെക്രട്ടറിമാർക്കും/അഡീഷണൽ സെക്രട്ടറിമാർക്കും/

ജോയിന്റ് സെക്രട്ടറിമാർക്കും/ഡെപ്യൂട്ടി സെക്രട്ടറിമാർക്കും/അണ്ടർ സെക്രട്ടറിമാർക്കും.

ഗവർണ്ണറുടെ സെക്രട്ടറിക്ക് (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള സംസ്ഥാന ഇലക്ഷൻ കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

സ്റ്റേറ്റ് ചീഫ് ഇൻഫർമേഷൻ കമ്മീഷണർ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

അഡ്വക്കേറ്റ് ജനറൽ, എറണാകുളം/തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

കേരള നിയമസഭാ സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിക്ക്/ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്/എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്കും

പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്.

വിവര പൊതുജനസമ്പർക്ക (Web & New Media) വകുപ്പ് [പ്രചാരണത്തിന്].

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഉപദേശ-എ, ബി, സി) വകുപ്പുകൾ.

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.